VII വ്യക്തിപരമായ വിശദീകരണം

ഡോ. തോമസ് ഐസക് : സർ, മാരാരിക്കുളത്തെ സമഗ്ര വികസന പരീക്ഷണത്തെക്കുറിച്ച് സഭയിൽ വന്ന അടിസ്ഥാനരഹിതവും എന്നെ വ്യക്തിപരമായി അധിക്ഷേപിച്ചുകൊണ്ടുള്ളതുമായ പ്രസ്താവനകൾ നിഷേധിക്കുന്നു. എട്ടരക്കോടി രൂപയുടെ പ്രോജക്ട് അനുവദിച്ചിട്ടുള്ളത് സംസ്ഥാന സർക്കാരിന്റെ അംഗീകാരത്തോടെ കേന്ദ്ര സർക്കാരാണ്. അംഗീകൃത പ്രോജക്ട് രേഖയുടെ നിബന്ധനകളും പണം ചെലവഴിക്കുന്നതിനുള്ള സർക്കാർ ചട്ടങ്ങളും പാലിച്ചുകൊണ്ടാണ് ഈ പ്രോജക്ട് നടപ്പിലാക്കുന്നത്. ഇതിന്റെ മേൽനോട്ടത്തിന് ജില്ലാതലത്തിലും സംസ്ഥാനതലത്തിലും സർക്കാർ നിയോഗിച്ച പ്രത്യേക മോണിട്ടറിംഗ് കമ്മിറ്റികളുണ്ട്. ചിലർ പ്രതിപാദിച്ചതുപോലെ ഫോർഡ് ഫൗണ്ടേഷൻ പോലുള്ള ഒരു സ്വകാര്യ ഏജൻസിയുടെ ഫണ്ടും ഇവിടെ ഉപയോഗിക്കുന്നില്ല. ഐ.എൽ.ഒ., യു.എൻ.ഡി.പി., ഡബ്ല്യു.എച്ച്.ഒ., യൂനിസെഫ്., ഐ.യു.സി.എഫ്., തുടങ്ങിയ ഐക്യരാഷ്ട്രസഭാ ഏജൻസികളുടെ ധനസഹായത്തിനായി ഞങ്ങൾ പരിശ്രമിക്കുന്നു. സമവായത്തിനെക്കുറിച്ച് നാഴികയുടെ പലവട്ടം മുറവിളികൂട്ടുന്ന നിങ്ങൾ ഭരണക്കാർ, രണ്ട് ബ്ലോക്ക് പഞ്ചായത്തുകൾ നടത്തുന്ന സംസ്ഥാനത്തിന് തന്നെ അഭിമാനകരമാകുന്ന ഒരു പദ്ധതിയോട് ഇന്ന് പ്രകടിപ്പിച്ച അസഹിഷ്ണത ഭൂഷണമാണോ എന്ന് സ്വയം ചിന്തിക്കുക.

മാരാരിക്കുളത്തെ വികസന പ്രോജക്ട് ഒരു ലോഞ്ചിംഗ് സ്റ്റേജിലാണ്. മൂക്കിനപ്പുറം കാണാത്ത കക്ഷി രാഷ്ട്രീയത്തിന്റെ അടിസ്ഥാനത്തിൽ അതു തകർക്കരുത്. എസ്.ജി.എസ്.വൈ. ഇന്നവേറ്റീവ് സ്കീം പ്രകാരം ലഭിച്ച ആദ്യത്തെ പ്രോജക്ട് എന്ന നിലയിൽ ഭാവിയിൽ ഈ സ്രോതസ്സിൽനിന്ന് കേന്ദ്ര സഹായം ഉപയോഗപ്പെടുത്തുന്നതിന് ഈ പ്രോജക്ട് വിജയിപ്പിക്കേണ്ടത് ആവശ്യമാണ്. പഞ്ചായത്ത് തലത്തിൽ പോലും വികസന കാര്യത്തിൽ യോജിപ്പിനേക്കാൾ കൂടുതൽ രാഷ്ട്രീയ ഭിന്നിപ്പാണ് പ്രധാനമെന്ന് നിങ്ങൾ കരുതുന്നുണ്ടെങ്കിൽ അങ്ങനെതന്നെയാകാം. ..... (ബഹളം)..... .....(ബഹളം)..... സി.ഐ.എ. വിവാദത്തെക്കുറിച്ച് ഈ ആരോപണം സഭയ്ക്ക് പുറത്ത് ഉന്നയിച്ചവർക്കെതിരെ മാനനഷ്ടക്കേസുകൊടുക്കുന്നതിന് തീരുമാനിച്ചിരിക്കുകയാണ്. റിച്ചാർഡ് ഫ്രാങ്കിയും ഞാനും ഇത്തരത്തിൽ അപകീർത്തികരമായിട്ടുള്ള പ്രസ്താവനകൾ നടത്തിയവർക്കെതിരെ പ്രത്യേകം പ്രത്യേകം കേസു കൊടുക്കുവാൻ തീരുമാനിച്ചിരിക്കുകയാണ്. കേസിൽ വിധിക്കുന്ന കോമ്പൻസേഷൻ മാരാരിക്കുളത്തെ കുടുംബശ്രീ അയൽ കൂട്ടങ്ങൾക്ക് സംഭാവന ചെയ്യാൻ തീരുമാനിച്ചിരിക്കുകയാണ്. ഇവിടെ ഏതെങ്കിലും എം.എൽ.എ മാർക്ക് ആ ഫണ്ടിലേക്ക് സംഭാവന ചെയ്യണമെന്നുണ്ടെങ്കിൽ ആരോപണം സഭയ്ക്ക് പുറത്ത് ഉന്നയിച്ച് സഹായിക്കുവാൻ അഭ്യർത്ഥിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, പോയിന്റ് ഓഫ് ഓർഡർ. സർ, ഈ നിയമസഭ പാസ്സാക്കിയ തുകയനുസരിച്ച് ജനകീയ ആസൂത്രണത്തിന്റെ ഭാഗമായി നടന്നിട്ടുള്ള സംവിധാനത്തെപ്പറ്റി നിയമസഭാ കമ്മിറ്റിയെക്കൊണ്ട് അന്വേഷിപ്പിക്കുകയാണ് ചെയ്യേണ്ടത്. സത്യം പുറത്തു കൊണ്ടുവരണം

LIBRARY ARCHIVES Kerala Legislative Assembly